भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

**RBI/2017-18/175**
**DCBR BPD (PCB) Circular No. 07/09.002/2017-18** മേയ് 10, 2018

എല്ലാ പ്രൈമറി (അർബൻ)
സഹകരണ ബാങ്കുകളുടേയും
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പ്രീയപ്പെട്ട മാഡം/സർ,

**മുൻഗണനാ മേഖലാ വായ്പകൾ സംബന്ധമായി പ്രൈമറി (അർബൻ) സഹകരണ ബാങ്കുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

മേൽകാണിച്ച വിഷയത്തിലുള്ള 2013, ഒക്ടോബർ 8ലെ UBD Co. BPD (PCB) MC No. 11/09.09.001-2015-16 നമ്പറിലുള്ള ഞങ്ങളുടെ സർക്കുലറും, കാലാകാലങ്ങളിൽ അതിൽ വരുത്തിയിട്ടുള്ള ഭേദഗതികളും 2015, ജൂലൈ 1ലെ ക്രോഡീകരിച്ച മാസ്റ്റർ സർക്കുലർ DCRB BPD (PCB) MC No. 11/09.09.001/2015-16 എന്നിവ പരിശോധിക്കുക. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളെ പുനരവലോകനം ചെയ്ത് മുകളിൽ പറഞ്ഞിരിക്കുന്ന മാസ്റ്റർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളെ അസാധുവാക്കി കൊണ്ട് നവീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം I) പുറപ്പെടുവിക്കാൻ തീരുമാനിച്ചിരിക്കുന്നു.

2. നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങളിലെ പ്രധാന സവിശേഷതകൾ താഴെപ്പറയും പ്രകാരമാണ്.

(i) മുൻഗണനാ ദുർബ്ബലവിഭാഗങ്ങൾക്കു നൽകേണ്ട മൊത്തം വായ്പയുടെ ലക്ഷ്യം യഥാക്രമം 40 ശതമാനവും 10 ശതമാനവും അല്ലെങ്കിൽ, ഇപ്പോഴുള്ളതുപോലെ അഡ്ജസ്റ്റഡ് നെറ്റ്ബാങ്ക് ക്രെഡിറ്റ് (ANBC) അല്ലെങ്കിൽ ഓഫ് ബാലൻസ്ഷീറ്റ് അനാവൃത സംഖ്യയുടെ (Exposure) തുല്യം ഏതാണോ കൂടുതൽ, അതായിരിക്കണം.

(ii) കാർഷികവായ്പകളുടെ കാര്യത്തിൽ നേരിട്ടെന്നും, നേരിട്ടല്ലാതെയെന്നും ഉള്ള വിവേചനം എടുത്തുകളഞ്ഞു.

(iii) ഭക്ഷ്യകാർഷിക പ്രോസസിംഗ് യൂണിറ്റുകൾക്കുള്ള വായ്പകൾ, കാർഷിക വായ്പകളുടെ ഭാഗമാകും.

(iv) ഇടത്തരം സ്ഥാപനങ്ങൾ, സാമൂഹ്യ പശ്ചാത്തല വികസന സ്ഥാപനങ്ങൾ, റിന്യൂവബൾ എനർജി എന്നിവ മുൻഗണനാ വിഭാഗത്തിൽപ്പെടും.

(v) എഎൻബിസി വായ്പയുടെ അല്ലെങ്കിൽ ഓഫ് ബാലൻസ്ഷീറ്റ് അനാവൃത സംഖ്യയ്ക്ക് തുല്യമായ വായ്പകളുടെ 7.5 ശതമാനം ഇതിൽ ഏതാണോ

കൂടുതൽ അത് മൈക്രോ, സ്ഥാപനങ്ങൾക്ക് (Micro enterprises) നിർദ്ദേശിച്ചിരിക്കുന്നു.

(vi) വിദ്യാഭ്യാസ വായ്പകൾക്ക് ഇൻഡ്യയ്ക്കകത്തും, പുറത്തും എന്ന് വ്യത്യാസമുണ്ടായിരുന്നത് എടുത്തുകളഞ്ഞു.

(vii) മൈക്രോ ക്രെഡിറ്റ്, മുൻഗണനാവിഭാഗത്തിൽ, പ്രത്യേക വിഭാഗമായിരുന്നത് അവസാനിപ്പിക്കുന്നു.

(viii) മുൻഗണനാവിഭാഗത്തിന് കീഴിൽ യോഗ്യത നേടിയിട്ടുള്ള ഭവനവായ്പകളുടെ പരിധി പുതുക്കിയിട്ടുണ്ട്.

(ix) മുൻഗണനാ വിഭാഗത്തിന്റെ വിലയിരുത്തൽ ്രൈതമാസിക/വാർഷിക സ്റ്റേറ്റുമെന്റുകളിലൂടെ നിരീക്ഷിക്കുന്നതാണ്.

3. പുതുക്കിയ നിർദ്ദേശങ്ങൾക്ക് ഈ സർക്കുലറിന്റെ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കും. ഈ സർക്കുലറിന്റെ തീയതിക്കുമുമ്പെ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി അനുവദിച്ച വായ്പകൾ അവ കാലാവധിയെത്തുംവരെ അല്ലെങ്കിൽ പുതുക്കുംവരെ മുൻഗണനാവിഭാഗത്തിൽ തന്നെ തുടരുതാണ്.

4. **മുൻഗണനാ വിഭാഗ ലക്ഷ്യങ്ങളുടെ നിറവേറ്റൽ**

മുൻഗണനാവിഭാഗത്തിലെ ലക്ഷ്യങ്ങളുടെ നിറവേറ്റൽ നിയന്ത്രണ സംബന്ധമായ അനുവാദങ്ങൾക്കും മറ്റു വിവിധ തീർപ്പാക്കലുകൾക്കും കണക്കിലെടുക്കും. മുൻഗണനാ മേഖലയിലുള്ള ലക്ഷ്യങ്ങൾ, ഒരു അർബൻ സഹകരണ ബാങ്കിനെ, ധനപരമായി ഉറപ്പുള്ളതാണെന്നും, നല്ലവണ്ണം മാനേജ് ചെയ്യപ്പെടുന്നവയാണെന്നും, കണക്കാക്കാനുള്ള മാനദണ്ഡമായി കരുതും. ഞങ്ങളുടെ 2014 ഒക്ടോബർ 13ലെ UBDCO LS (PCB) Circular No. 20/07.01.000/2014-15, 2015 ജനുവരി 28ലെ DCBR Co. LS (PCB) Circular No. 04/07.01.000/2014-15 എന്നീ സർക്കുലറുകളിൽ പറഞ്ഞിട്ടുള്ള മറ്റു മാനദണ്ഡങ്ങൾക്കു പുറമേയാണിത്. 2018-19 സാമ്പത്തിക വർഷത്തിൽ, മുൻഗണനാവിഭാഗ ലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ ഇവ നേടുന്നതിൽ വരുന്ന കുറവുകൾ 2018 മാർച്ച് 31ലെ കണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കും വിലയിരുത്തുക. 2019-20 സാമ്പത്തിക വർഷം മുതൽ, സാമ്പത്തിക വർഷാന്ത്യത്തിലെ നേട്ടങ്ങൾ കണക്കാക്കുന്നത് ഓരോ ്രൈതമാസികത്തിന്റെ അവസാനത്തിലുള്ള മുൻഗണനാ വിഭാഗത്തിലെ നേട്ടങ്ങളുടേയും ഉപലക്ഷ്യങ്ങളുടെ നേട്ടങ്ങളുടേയും അടിസ്ഥാനത്തിലായിരിക്കും, അനുബന്ധം കകൽ ഇതു വിശദീകരിക്കുന്ന ഉദാഹരണം ചേർത്തിട്ടുണ്ട്.

വിശ്വാസപൂർവ്വം

(നിരജ്നിഗം)
ചീഫ് ജനറൽ മാനേജർ

Enclose: Annexure I to II

അനുബന്ധം-I

## മുൻഗണനാ മേഖലാ വായ്പകൾ ലക്ഷ്യങ്ങളും വർഗ്ഗീകരണവും

1. മുൻഗണനാമേഖലയിലുള്ള വിഭാഗങ്ങൾ

i) കൃഷി

ii) മൈക്രോ, ലഘു, ഇടത്തരം സ്ഥാപനങ്ങൾ

iii) കയറ്റുമതി വായ്പകൾ

iv) വിദ്യാഭ്യാസം

v) ഭവന നിർമ്മാണം

vi) സമൂഹ പശ്ചാത്തല നിർമ്മാണം

vii) പുതുക്കി ഉപയോഗിക്കാവുന്ന ഊർജ്ജ മേഖല

viii) മറ്റുള്ളവ

മുകളിൽ പറഞ്ഞിരിക്കുന്ന വിഭാഗങ്ങളിൽപെടുത്താൻ യോഗ്യതയുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഖണ്ഡിക കകകൽ കൊടുത്തിരിക്കുന്നു.

### മുൻഗണനാ മേഖലയ്ക്കുള്ള ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും

മുൻഗണനാ മേഖലയിൽ യുസിബികൾ നൽകേണ്ട വായ്പകളുടെ ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും താഴെ കൊടുക്കുന്നു. മുൻഗണനാ മേഖല വായ്പകൾ അനുവദിക്കണമെന്ന നിർദ്ദേശങ്ങൾ സാലറി ഏണേഴ്സ് ബാങ്കുകൾ (Salary Earners Banks)ക്ക് ബാധകമല്ല.

| | |
|---|---|
| മൊത്തം മുൻഗണനാ മേഖല | താഴെ (ii) ഉപഖണ്ഡികയിൽ നിർവ്വചിച്ചിട്ടുള്ളതു പോലെ ANBC അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക്ക്രെഡിറ്റിന്റെ 40% അല്ലെങ്കിൽ ഓഫ് ബാലൻസ്ഷീറ്റ് അനാവൃത സംഖ്യ യുടെ തുല്യമായ തുക ഏതാണോ കൂടുതൽ അത്. |
| കൃഷി മൊത്തം | ലക്ഷ്യം നിശ്ചയിച്ചിട്ടില്ല. |
| മൈക്രോ സ്ഥാപനങ്ങൾ | ANBC-യുടെ അല്ലെങ്കിൽ ഓഫ് ബാലൻസ് ഷീറ്റ് അനാവൃത സംഖ്യയുടെ തുല്യമായ തുക ഇതിൽ ഏതാണോ കൂടുതൽ അതിന്റെ 7.5 ശതമാനം. |
| ദുർബ്ബല വിഭാഗങ്ങൾക്കുള്ള വായ്പകൾ | ANBC യുടെ അല്ലെങ്കിൽ ഓഫ് ബാലൻസ് ഷീറ്റ് അനാവൃത സംഖ്യയുടെ തുല്യമായ തുക ഇതിൽ ഏതാണോ കൂടുതൽ അതിന്റെ 10 ശതമാനം. |

2. മുൻഗണനാമേഖലാ ലക്ഷ്യങ്ങളുടേയും ഉപലക്ഷ്യങ്ങളുടേയും നേട്ടങ്ങളുടെ നിർണ്ണയം, മുൻവർഷം മാർച്ച് 31ലെ ANBC അല്ലെങ്കിൽ ഓഫ് ബാലൻസ് അനാവൃതസംഖ്യയുടെ തുല്യമായ തുക ഇതിൽ ഏതാണ് കൂടുതൽ അതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. മുൻഗണനാ മേഖലയിൽ വായ്പകൾ അനുവദിക്കുതിന് എഎൻബിസി (ANBC) നിർദ്ദേശിക്കുന്നത്, ആർബിഐയിലും

മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും ബില്ലുകൾ റീഡിസ്ക്കൗണ്ട് ചെയ്ത തുകകൾ ഒഴിച്ചുള്ളതും, ഒപ്പം 2017 ആഗസ്റ്റ് 30ന് ശേഷം അനുവദനീയമായ "ഹെൽഡ് റ്റു മെച്യൂററ്റി" (HTM)വിഭാഗത്തിൽപെട്ട എസ്എൽആർ ബോണ്ടുകളിന്മേലിലുള്ള നിക്ഷേപങ്ങൾ ചേർത്തുമുള്ള മൊത്തം തുകയാണ്. ഓഫ് ബാലൻസ്ഷീറ്റ് അനാവൃത സംഖ്യകളുടെ ക്രെഡിറ്റ് തുല്യത കണക്കാക്കുതിന് ബാങ്കുകൾ നിലവിലുള്ള അനാവരണക്രമം (exposure method)ഉപയോഗിക്കാം. ബാങ്കുകൾക്കിടയിലുള്ള, ഓഫ് ബാലൻസ് ഷീറ്റ് അനാവൃത സംഖ്യകൾ ഉൾപ്പെടെയുള്ള ഇടപാടുകൾ, മുൻഗണനാവിഭാഗ വായ്പാലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും സംബന്ധമായി കണക്കിലെടുക്കാൻ പാടില്ല.

i) ബാങ്കുകൾ, എഐഎൻബിസി യിൽ നിന്നും, കിട്ടേണ്ട പലിശ (accrued interest) തുടങ്ങിയ തുകകൾ കുറയ്ക്കുകയോ, തട്ടിക്കിഴിക്കുകയോ ചെയ്യാൻ പാടില്ല.

ii) CRR/SLR നിബന്ധനകളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള (FCNRCB) NRE നിക്ഷേപങ്ങൾക്കെതിരായി ഇന്ത്യയിൽ നൽകിയിട്ടുള്ള വായ്പകൾ 2013 ആഗസ്റ്റ് 27ലെ UBD BPD (PCB) Cir. No. 5/13.01.000/2013-14, 2014 ജൂൺ 11ലെ UBD BPD (PCB) Cir. No. 72/13.01.000/2013-14 എന്ന ആർബിഐ സർക്കുലറുകൾക്കനുസൃതമായി, എൻബിസിയിൽ നിന്ന് മുൻഗണനാമേഖലാ വായ്പകൾ കണക്കാക്കുതിൽ നിന്നും ലക്ഷ്യങ്ങൾ കണക്കാക്കുതിൽ നിന്നും ആ വായ്പകൾ തരിച്ചടക്കും വരെ, ഒഴിവാക്കേണ്ടതാണ്.

3. മുൻഗണനാ മേഖലയുടെ കീഴിൽ വരുന്ന യോഗ്യതയുള്ള വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ

**i) കൃഷി**

ഈ വിഭാഗത്തിൽ ഇപ്പോൾ നിലവിലുള്ള നേരിട്ടുള്ളത് (direct) അല്ലാത്തത് (indirect) എന്ന വേർതിരിവ് എടുത്തുകളഞ്ഞിട്ടുണ്ട്. പകരം (i) ഫാം ക്രെഡിറ്റ് ഹ്രസ്വകാല വിളവായ്പകൾ, മദ്ധ്യകാലദീർഘകാല വായ്പകൾ എന്നിവ ഇതിലുൾപ്പെടും. (ii) കാർഷിക പശ്ചാത്തല വികസനം (agriculture infrastructure) (iii) അനുബന്ധ പ്രവർത്തനങ്ങൾ (ancilliary activities) എന്ന് കാർഷിക മേഖലാ വായ്പകളെ നിർവ്വചിച്ചിരിക്കുന്നു. ഈ മൂന്നു ഉപവിഭാഗങ്ങളിലും പെടുത്താവുന്ന യോഗ്യമായ പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നു.

| 1.1 | ഫാം വായ്പകൾ | | |
|---|---|---|---|
| | | A | സ്വയംസഹായ സംഘങ്ങൾ (SHGS) അല്ലെങ്കിൽ കൂട്ടു ബാദ്ധ്യതാ സംഘങ്ങൾ (JLGS) അതായത് കർഷകരായ വ്യക്തികളുടെ സംഘങ്ങൾ. (ബാങ്കുകൾ അത്തരം വായ്പകളുടെ സഞ്ചയിക്കപ്പെടാത്ത വിവരങ്ങൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ), കൃഷിയിലും അനുബന്ധ പ്രവർത്തങ്ങളിലും നേരിട്ട്പങ്കെടുക്കുന്നവർ<br>ഉദാ: കാലിവളർത്തൽ, മീൻ വളർത്തൽ, മൃഗസംരക്ഷണം, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ തുടങ്ങിയവ. താഴെപ്പറയുവ ഇതിലുൾപ്പെടുന്നു. |

| | | | |
|---|---|---|---|
| | | i | കർഷകർക്കുള്ള വിളവായ്പകൾ, പരമ്പരാഗതവും, അല്ലാത്തതുമായ തോട്ടങ്ങൾ, ഉദ്യാനകൃഷികൾ. അനുബന്ധാവശ്യങ്ങൾക്കുള്ള വായ്പകളും ഇതിൽ ഉൾപ്പെടും. |
| | | ii | കർഷകർക്ക് കൃഷിയും അനുബന്ധ പ്രവർത്തനങ്ങ ൾക്കുമുള്ള മദ്ധ്യദീർഘ കാല വായ്പകൾ ഉദാ: കാർഷികോപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനും, കൃഷിയിടങ്ങളിൽ ജലസേചന ത്തിനും, വികസന പ്രവർത്ത നങ്ങൾക്കും അനുബന്ധ പ്രവർത്ത നങ്ങൾ വികസിപ്പിക്കുന്നതിനും. |
| | | iii | വിളവെടുപ്പിനുമുമ്പും അതിനുശേഷവും കർഷകർ നടത്തുന്ന പ്രവർത്തനങ്ങൾക്കു നൽകുന്ന വായ്പകൾ (ഉദാ: സ്പ്രേയിംഗ്, കളപറിക്കൽ വിളവെടുപ്പ്, തരംതിരിക്കൽ, ഗ്രേഡിംഗ്, സ്വന്തം വിളച്ചരക്കുകൾ നീക്കുക തുടങ്ങിയവ.) |
| | | iv | കാർഷിക വിഭവങ്ങളുടെ ഈടിന്മേൽ (വെയർഹൗസ് രസീതുകൾ ഉൾപ്പെടെ) 12 മാസം കവിയാത്ത കാലാവധിക്ക് 50 ലക്ഷം രൂപ വരെ യുള്ള വായ്പകൾ. (പണയവും ചൂണ്ടിപ്പണയവും) |
| | | vi | കൃഷിയാവശ്യങ്ങൾക്കുവേണ്ടി ഭൂമി വാങ്ങാൻ ചെറുകിട/മാർജിനൽ കർഷകർക്കു നൽകുന്ന വായ്പകൾ |
| | | v | വട്ടിപ്പലിശക്കാരിൽ നിന്നും പണം കടംവാങ്ങി ദുരിതത്തിലായ കർഷകർക്കു നൽകുന്ന വായ്പകൾ |
| | | B | കാർഷിക/കാർഷികോനുബന്ധ പ്രവർത്ത നങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കോർപ്പറേറ്റ് കർഷകർ, കാർഷികോല്പാദന സംഘടനകൾ, കർഷകരുടെ കമ്പനികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ എന്നി വയ്ക്ക് നൽകിയിട്ടുള്ള വായ്പകൾ. ഉദാ. കാലിവള ർത്തൽ, മത്സ്യോല്പാദനം, മൃഗസംരക്ഷണം, കോഴി വളർത്തൽ, തേനീച്ചവളർത്തൽ പട്ടുനൂൽപ്പുഴു വളർത്തൽ (ഒരു വായ്പക്കാരന് ഏറ്റവും കൂടുതൽ 2 കോടി രൂപ വരെ; താഴെപ്പറയുന്നവ ഇതിൽപ്പെടും. |
| | | i | കർഷകർക്കുള്ള വിളവായ്പകൾ, പരമ്പരാഗതവും, അല്ലാത്തതുമായ തോട്ടങ്ങൾ, |

| | | | |
|---|---|---|---|
| | | | ഉദ്യാനകൃഷികൾ. അനുബന്ധാവശ്യങ്ങൾക്കുള്ള വായ്പകളും ഇതിൽ ഉൾപ്പെടും. |
| | | ii | കർഷകർക്ക് കൃഷിയും അനുബന്ധ പ്രവർത്തന ങ്ങൾക്കുമുള്ള മദ്ധ്യദീഘകാല വായ്പകൾ ഉദാ:കാർ ഷികോപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ വാങ്ങുതിനും, കൃഷിയിടങ്ങളിൽ ജലസേചന ത്തിനും, വികസന പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾ വികസിപ്പിക്കുതിനും. |
| | | iii | വിളവെടുപ്പിനുമുമ്പും അതിനുശേഷവും കർഷകർ നടത്തു പ്രവർത്തനങ്ങൾക്കു നൽകുന്ന വായ്പകൾ. (ഉദാ: സ്പ്രേയിംഗ്, കളപറിക്കൽ, വിളവെടുപ്പ്, തരംതിരിക്കൽ, ഗ്രേഡിംഗ്, സ്വന്തം വിളച്ചരക്കുകൾ നീക്കുക.) |
| | | iv | കാർഷിക വിഭവങ്ങളുടെ ഈടിന്മേൽ (വെയർഹൗസ് രസീതുകൾ ഉൾപ്പെടെ) 12 മാസം കവിയാത്ത കാലാവധിക്ക് 50 ലക്ഷം രൂപ വരെ യുള്ള വായ്പകൾ. (പണയവും ചൂണ്ടിപ്പണയവും) |
| 1.2 | കാർഷിക പശ്ചാത്തല വികസനം | i | സംഭരണ സൗകര്യങ്ങളുടെ നിർമ്മാണത്തിനു നൽകുന്ന വായ്പകൾ (വെയർഹൗസുകൾ, ചന്തകൾ, ഗോഡൗണുകൾ, ശീതസംഭരണികൾ, അവയുടെ ശൃംഖലകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ശാലകൾ തുടങ്ങി കാർഷികവിളകളും ഉല്പന്നങ്ങളും സംഭരിച്ചു വയ്ക്കുന്നവ, അവ എവിടെ സ്ഥാപിതമായിരുന്നാലും. |
| | | ii | മണ്ണ് സംരക്ഷണം, തണ്ണീർത്തട വികസനം |
| | | iii | ചെടികളുടെ ടിഷ്യൂകൾച്ചറും കാർഷിക ബയോ ടെക്നോളജിയും, വിത്തുല്പാദനം, ജൈവ കീട നാശിനികളുടെ ഉല്പാദനം ജൈവവളവും മണ്ണിര കമ്പോസിറ്റിംഗ്. |
| | | | മുകളിൽ പറഞ്ഞിരിക്കുന്ന വയ്ക്കുള്ള വായ്പകൾക്ക്, ഒരു വായ്പക്കാരന് എല്ലാ വായ്പാ പരിധികളും ചേർത്ത് ബാങ്കിംഗ് വ്യവസ്ഥയിൽ നിന്നും 100 കോടി രൂപ വരെ എന്ന നിയമം ബാധകം. |
| 1.3 | അനുബന്ധ പ്രവർത്തനങ്ങൾ. | i | കൃഷി ക്ലിനിക്കുകളും കൃഷി വ്യാപാര കേന്ദ്രങ്ങളും സ്ഥാപിക്കാനുള്ള വായ്പകൾ |
| | | ii | ഭക്ഷ്യകാർഷികോല്പ പ്രോസസിംഗിന്, ഒരാൾക്ക് മൊത്തം വായ്പാ പരിധി ബാങ്കിംഗ് |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയിൽ നിന്ന് 100 കോടി രൂപയിൽ കവിയരുതെന്ന നിബന്ധനയ്ക്കു വിധേയമായി. |
| | | iii | ട്രാക്ടറുകൾ, ബുൾഡോസറുകൾ, കിണർ കുഴിക്കുന്ന യന്ത്രങ്ങൾ, മെതി യന്ത്രങ്ങൾ, കമ്പയിൻസ് എന്നിവയ്ക്ക് ആവശ്യമായ കസ്റ്റം സർവ്വീസുകൾ നൽകുന്ന, വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവർക്കും, കോട്രാക്ട് അടിസ്ഥാനത്തിൽ കർഷകർക്കുവേണ്ടി കൃഷി ജോലികൾ ഏറ്റെടുക്കുന്നവർക്കും നൽകുന്ന വായ്പകൾ. |

നോട്ട്: ചെറുകിട കർഷകരും പരിധി കർഷകരും താഴെപ്പറയും വിധമായിരിക്കും.

- ഒരു ഹെക്ടർ ഭൂമി കൈവശമുള്ളവരെ പരിധികർഷകരായി ഗണിക്കും. ഒന്നിൽ കൂടുതൽ രണ്ടു ഹെക്ടർ വരെ ഭൂമി കൈവശമുള്ളവരെ ചെറുകിടകർഷകരായി കണക്കാക്കും.
- ഭൂരഹിത കർഷകതൊഴിലാളികൾ, പാട്ട കൃഷിക്കാർ, വാക്കാൽ പാട്ടമുള്ളവർ പങ്കു കൃഷിക്കാർ.

**2. മൈക്രോ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾ (MSMES)**

2.1 യന്ത്രസംവിധാനങ്ങൾ, ഉല്പാദനോപകരണങ്ങൾ, സർവ്വീസ് സ്ഥാപനങ്ങൾ എന്നിവയിലുള്ള നിക്ഷേപം. മൈക്രോചെറുകിടഇടത്തരം സ്ഥാപനങ്ങൾക്കുള്ള മന്ത്രാലയം, 2006 സെപ്തംബർ 9ലെ S.O. 1642(E) വിജ്ഞാപന പ്രകാരമുള്ളത് താഴെക്കൊടുക്കുന്നു.

| ഉല്പാദന മേഖല | |
|---|---|
| **സ്ഥാപനങ്ങൾ** | യന്ത്രങ്ങളിലും ഉപകരണങ്ങളിലുമുള്ള നിക്ഷേപം |
| മൈക്രോ സ്ഥാപനങ്ങൾ | 25 ലക്ഷം രൂപയിൽ കവിയരുത് |
| ചെറുകിട സ്ഥാപനങ്ങൾ | 25 ലക്ഷം രൂപയിൽ കൂടുതൽ, പക്ഷേ 5 കോടി രൂപയിൽ കവിയാൻ പാടില്ല. |
| ഇടത്തരം സ്ഥാപനങ്ങൾ | 5 കോടി രൂപയിൽ കൂടുതൽ, പക്ഷേ 10 കോടി രൂപ കവിയാൻ പാടില്ല. |
| **സേവന മേഖല** | |
| **സ്ഥാപനങ്ങൾ** | ഉപകരണങ്ങളിന്മേലുള്ള നിക്ഷേപം |
| മൈക്രോ സ്ഥാപനങ്ങൾ | 10 ലക്ഷം രൂപയിൽ കൂടുതലാകാൻ പാടില്ല. |
| ചെറുകിട സ്ഥാപനങ്ങൾ | 10 ലക്ഷം രൂപയിൽകൂടുതൽ, പക്ഷേ രണ്ടു കോടി രൂപ കവിയാൻ പാടില്ല. |

| | |
|---|---|
| ഇടത്തരം സ്ഥാപനങ്ങൾ | രണ്ടു കോടി രൂപയിൽ കൂടുതൽ പക്ഷേ അഞ്ചു കോടി രൂപ കവിയാൻ പാടില്ല. |

താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച്, മൈക്രോ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾക്ക് ഉല്പാദനത്തിനും, സേവന മേഖലയ്ക്കും നൽകുന്ന ബാങ്ക് വായ്പകൾ മുൻഗണനാ മേഖലയിലുള്ളതാണെന്ന് വർഗ്ഗീകരിക്കാം.

**2.2. ഉല്പാദന സ്ഥാപനങ്ങൾ**

1951ലെ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ടിലെ ആദ്യ ഷെഡ്യൂളിൽ കൊടുത്തിട്ടുള്ളതും കാലാകാലാങ്ങളിൽ ഗവർണമെന്റ് വിജ്ഞാപനം ചെയ്യുതുമായ ഉല്പാദനം അല്ലെങ്കിൽ നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള മൈക്രോ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾ. ഉല്പാദനത്തിലേർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ യന്ത്ര സംവിധാനത്തിലും ഉപകരണങ്ങളിലുമുള്ള നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിച്ചിരിക്കുന്നു.

**2.3. സേവന സ്ഥാപനങ്ങൾ**

സേവനങ്ങൾ നൽകുന്ന മൈക്രോ, ചെറുകിട ഇടത്തരം സ്ഥാപനങ്ങൾക്കു നൽകുന്ന എല്ലാ ബാങ്കുവായ്പകളും, എം.എസ്.എം.ഇ.ഡി. ആക്ട് 2006 (MSMED Act 2006)ൽ നിർവ്വചിച്ചിട്ടുള്ള ഉപകരണങ്ങളിന്മേലുള്ള നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ, മുൻഗണനാ മേഖലാവായ്പകളായി കണക്കാക്കും.

**2.4. ഖാദി ഗ്രാമവ്യവസായങ്ങൾ (കെവിഐ)**

ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്കുള്ള എല്ലാ ബാങ്ക് വായ്പകളും, മുൻഗണനാ വിഭാഗത്തിൽ മൈക്രോ സ്ഥാപനങ്ങൾക്കുള്ള 7.5 ശതമാനം ഉപലക്ഷ്യത്തിനു കീഴിൽ വഗ്ഗീകരിക്കാവുന്നതാണ്.

**2.5. എം.എസ്സ്.എം.ഇ.കൾക്കുള്ള മറ്റു വായ്പകൾ**

(i) കരകൗശലപ്പണിക്കാർ, ഗ്രാമീണ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയ വികേന്ദ്രീയ മേഖലയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്നവരേയും ഉല്പങ്ങൾ വിൽക്കാൻ സഹായിക്കുന്നവരേയും, പിന്തുണയ്ക്കുന്ന സ്ഥാപനങ്ങൾക്കു നൽകുന്ന വായ്പകൾ യു.സി.വികൾ വായ്പ നൽകുതിന് ആർ.ബി.ഐ. നിർദ്ദേശങ്ങളനുസരിച്ചും, പ്രവർത്തനം നിയന്ത്രിക്കുന്ന നിയമപരമായ സ്വന്തം ചട്ടക്കൂട് അനുവദിക്കാത്തതുമൂലവും കഴിയാതെ വരുന്ന "സ്ഥാപനങ്ങൾ" മേൽപ്പറഞ്ഞവയിൽ ഉൾപ്പെടുന്നില്ല.

(ii) പ്രധാൻമന്ത്രി ജൻധൻ യോജന (PMJDY)-പദ്ധതിയിൻകീഴിൽ, ഗ്രാമങ്ങളിൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും മറ്റു പ്രദേശങ്ങളിൽ 1,60,000 രൂപയിൽ കവിയാതെയും കുടുംബവരുമാനമുള്ളവർക്കു യുസിബികൾ, 2015 ഏപ്രിൽ 8 വരെ നൽകിയിട്ടുള്ള 5000 രൂപ വരെയുള്ള ഓവർഡ്രാഫ്റ്റുകൾ ഈ ഓവർ

ഡ്രാഫ്റ്റുകൾ മൈക്രോ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളുടെ ഒപ്പം ഉൾപ്പെടുത്താൻ യോഗ്യതയുള്ളവയാണ്.

2.6. മുൻഗണനാവിഭാഗം എന്ന പദവിയിൽ തന്നെ തുടരാൻവേണ്ടി എം.എസ്.എം.ഇ. യൂണിറ്റുകൾ ആ നിലകളിൽ തന്നെ തുടരാൻ പാടില്ല. എന്നുറപ്പുവരുത്താൻ ഈ മേഖലയിൽ നിന്നു പുറത്തു വന്ന് മൂന്ന് വർഷങ്ങൾകൂടി, അതാത് എം.എസ്.എം.ഇ. വിഭാഗ പദവിയിൽ തുടരാൻ അനുവദിക്കും.

### 3. കയറ്റുമതി വായ്പ

താഴെപ്പറയുന്ന വിധത്തിൽ നൽകിയിട്ടുള്ള കയറ്റുമതി വായ്പകളെ മുൻഗണനാ മേഖലയായി വർഗ്ഗീകരിക്കാം.

3.1. 25 കോടി രൂപവരെ അനുവദനീയ വായ്പാപരിധിയും, 100 കോടി രൂപ വിറ്റുവരവും ഉള്ള യൂണിറ്റുകൾക്ക്, മുൻവർഷത്തെ തത്തുല്യമായ തീയതിയിലുണ്ടായിരുന്ന വായ്പക്കു മുകളിൽ നൽകിയ അധിക വായ്പ എ.എൻ.ബി.സി. അല്ലെങ്കിൽ ബാലൻസ് ഷീറ്റിനു ബാഹ്യമായുള്ള എക്സ് പോഷറിനു തുല്യമായ തുകയോ ഏതാണ് കൂടിയത് അതിന്റെ 2 ശതമാനം 2017 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം മുൻഗണനാ വായ്പയായി കണക്കാക്കാം.

3.2. കയറ്റുമതി വായ്പയെന്നാൽ, ഞങ്ങളുടെ ബാങ്കിംഗ് റഗുലേഷൻ വിഭാഗം പുറപ്പെടുവിച്ച "റുപ്പി/ഫോറിൻ കറൻസി എക്സ്പോർട്ട് ക്രെഡിറ്റ് ആന്റ് കസ്റ്റമർ സർവീസ് ടു എക്സ്പോർട്ടേഴ്സ്" എന്ന മാസ്റ്റർ സർക്കുലറിൽ നിർവ്വചിച്ചിട്ടുള്ളതു പോലെ പ്രീ ഷിപ്മെന്റ് വായ്പകളും പോസ്റ്റുഷിപ്പ് മെന്റ് വായ്പകളും ഉൾപ്പെടും.

### 4. വിദ്യാഭ്യാസം

തൊഴിൽപരമായ വിദ്യാഭ്യാസകോഴ്സുകൾ ഉൾപ്പെടെ വിദ്യാഭ്യാസാവശ്യങ്ങൾക്കായി വ്യക്തികൾക്കു നൽകുന്ന വായ്പകളിൽ, അവർക്ക് അനുവദിച്ചിരിക്കുന്ന വായ്പാപരിധി എത്രയായാലും, 10 ലക്ഷം രൂപ വരെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്താൻ യോഗ്യതയുള്ളതായിരിക്കും.

### 5. ഭവന വായ്പകൾ

(i) കുടുംബത്തിന് താമസിക്കാൻ, ഒരു വ്യക്തിക്ക്, സ്ഥലമേതായാലും, വീടു വാങ്ങാനോ, നിർമ്മിക്കാനോ നൽകുന്ന് 28 ലക്ഷം രൂപവരെയുള്ള വായ്പകൾ. വീടിന്റെ മൊത്തം നിർമ്മാണച്ചിലവ് 35 ലക്ഷം രൂപയിൽ കൂടാൻ പാടില്ല. ബാങ്കിന്റെ സ്വന്തം ജീവനക്കാർക്ക് നൽകുന്ന വായ്പകൾ ഒഴിവാക്കേണ്ടതാണ്.

(ii) കേടുവന്ന വാസസ്ഥലങ്ങൾ നന്നാക്കാൻ മെട്രോപൊളിറ്റൻ കേന്ദ്രങ്ങളിൽ 5 ലക്ഷം രൂപ വരെയും മറ്റു കേന്ദ്രങ്ങളിൽ 2 ലക്ഷം രൂപ വരെയും.

(iii) വാസസ്ഥലങ്ങൾ നിർമ്മിച്ചു നൽകാനും, ചേരികളുടെ നിർമ്മാർജ്ജനത്തിനും, ചേരിവാസികളെ പുനരധിവസിപ്പിക്കുന്നതിനും

ചേരികളുടെ നിർമ്മാർജ്ജനത്തിനും ഗവൺമെന്റ് ഏജൻസികൾക്ക് ഏറ്റവും കൂടുതൽ ഒരു ഭവനത്തിന് 10 ലക്ഷം രൂപവരെ.

(iv) സാമ്പത്തികമായി ദുർബ്ബലരായവർക്കും, താഴ്ന്ന വരുമാനക്കാർക്കും മാത്രമുള്ള ഭവനനിർമ്മാണ പദ്ധതികൾക്കും, ഒരു ഭവനത്തിന് 10 ലക്ഷം രൂപയിൽ കവിയാത്ത തുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തേയും, താഴ്വരുമാനക്കാരേയും കണ്ടുപിടിക്കുന്നതിന്, വാർഷിക വരുമാനം 2 ലക്ഷം രൂപ എന്ന്, സ്ഥലമെവിടെയാണെന്ന് വ്യത്യാസമില്ലാതെ, നിജപ്പെടുത്തിയിരിക്കുന്നു.

(v) എൻ.എച്ച്.ബി. (NHB) പുനർ വായ്പാവശ്യങ്ങൾക്കായി അംഗീകരിച്ചിട്ടുള്ള ഗവൺമെന്റിതര ഏജൻസികൾക്ക് ഭവന നിർമ്മാണത്തിനും, വാസസ്ഥലങ്ങളുടെ പുനർ നിർമ്മാണത്തിനും, ചേരി നിർമ്മാർജ്ജനത്തിനും ബാങ്കുകൾ നൽകുന്ന വായ്പകൾ ഒരു ഭവനത്തിന് കൂടിയത് 10 ലക്ഷം രൂപവരെ.

(vi) എൻ.എച്ച്.ബി. (NHB) ഹഡ്കോ, (HUDCO) എന്നിവർ പുറപ്പെടുവിച്ചിട്ടുള്ള ബോണ്ടുകളിൽ 2007 ഏപ്രിൽ ഒന്നിനു ശേഷം യുസിബികൾ ചെയ്തിട്ടുള്ള നിക്ഷേപങ്ങൾ, മുൻഗണനാമേഖലാ വായ്പാ വിഭാഗത്തിൽ വർഗ്ഗീകരിക്കാൻ പാടില്ല.

**6. സാമൂഹ്യ പശ്ചാത്തല നിർമ്മാണം**

സ്കൂൾ, അരോഗ്യരക്ഷാ കേന്ദ്രങ്ങൾ, കുടിവെള്ളപദ്ധതികൾ, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വീടുകളിൽ ടോയ്‌ലറ്റ് സൗകര്യങ്ങളുടെ പുനർ നിർമ്മാണം, ഗൃഹതലത്തിലുള്ള ജലവിതരണം മെച്ചപ്പെടുത്തൽ (ടയർ II, ടയർ VI കേന്ദ്രങ്ങളിൽ) തുടങ്ങിയ സാമൂഹ്യപശ്ചാത്തല നിർമ്മാണങ്ങൾക്കുള്ള ഒരു വായ്പാക്കാരന് 5 കോടി രൂപ എന്ന പരിധിക്കുള്ളിൽ.

**7. ഊർജ്ജ പുനരുപയോഗം**

സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ജനറേറ്ററുകൾ, ജൈവാധിഷ്ഠിത പവർ ജനറേറ്ററുകൾ, വിൻഡ് മില്ലുകൾ, മൈക്രോജല പദ്ധതികൾ, പരമ്പരാഗതമല്ലാത്ത ഊർജ്ജം അടിസ്ഥാനപ്പെടുത്തിയുള്ള പൊതു സംരംഭങ്ങൾ ഉദാ. തെരുവുവിളക്കുകൾ, വിദൂരസ്ഥഗ്രാമ വൈദ്യുതീകരണം എന്നിവയ്ക്കു നൽകു ബാങ്ക് വായ്പകൾ, ഓരോ വായ്പാക്കാരനും 15 കോടി രൂപ എന്ന പരിധിവരെ.

**8. മറ്റുള്ളവ**

**8.1.** വ്യക്തികൾക്കും അവരുടെ എസ്എച്ച്ജി/ജെഎൽജി (SHG/JLG)കൾക്കും ഓരോ വായ്പാക്കാരനും നൽകുന്ന 50,000 രൂപയിൽ കവിയാത്ത വായ്പകൾ, ഓരോ വായ്പാക്കാരന്റെ വാർഷിക കുടുംബവരുമാനം ഗ്രാമീണ മേഖലയിൽ (rural areas) ഒരു ലക്ഷം രൂപ, അല്ലാത്ത ഇടങ്ങളിൽ, 1,60,000 രൂപ എന്ന പരിധിയിൽ കവിയാൻ പാടില്ല.

**8.2.** ദുരിതമനുഭവിക്കുന്ന വ്യക്തികൾക്ക് (111 (1.)A (v) ൽ ഉൾപ്പെടുത്തിയിട്ടുള്ള കർഷകരല്ലാത്തവർ) വട്ടിപ്പലിശക്കാരിൽ നിന്നും വാങ്ങിയ വായ്പകൾ

കാലാവധിയ്ക്കു മുമ്പ് അടച്ചുതീർക്കാൻ നൽകുന്ന ഓരോരുത്തർക്കും ഒരുലക്ഷം രൂപയിൽ കവിയാത്ത വായ്പകൾ.

**8.3.** പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി സംസ്ഥാന ഗവമെന്റുകൾ സ്പോൺസർ ചെയ്യുന്ന സംഘടനകൾക്കു അനുവദിച്ചിട്ടുള്ള വായ്പകൾ. ഈ സംഘടനകളിലെ ഗുണഭോക്താക്കൾക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങി കൊടുക്കാനും, ഉല്പങ്ങളുടെ വില്പന ത്വരിതപ്പെടുത്താനുമുള്ള വായ്പകളാണ് ഇതിൽപ്പെടുത്.

**9 ദുർബ്ബല വിഭാഗങ്ങൾ**

താഴെപ്പറയുന്ന വായ്പാക്കാർക്ക് നൽകുന്ന മുൻഗണനാ മേഖലാ വായ്പകളെ ദുർബ്ബല വിഭാഗ മേഖലകളിൽപ്പെടുത്താം.

| നമ്പർ | മേഖല |
|---|---|
| 1. | ചെറുകിട/മാർജിനൽ കൃഷിക്കാർ |
| 2. | ഒരു ലക്ഷത്തിൽ കവിയാത്ത വായ്പാ പരിധിയുള്ള കരകൗശല തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കുടിൽ വ്യവസായങ്ങൾ തുടങ്ങിയവ. |
| 3. | പട്ടികജാതി, പട്ടികവർഗ്ഗക്കാർ. |
| 4. | സ്വയം സഹായ ഗ്രൂപ്പുകൾ |
| 5. | വട്ടിപ്പലിശക്കാർക്ക് കടപ്പെട്ടു ദുരിതമനുഭവിക്കുവർ |
| 6. | ദുരിതമനുഭവിക്കുന്നവരിൽ കർഷകരല്ലാത്തവർ, ഒരു വായ്പാക്കാരന് ഒരു ലക്ഷം രൂപയിൽ കവിയാത്ത വായ്പാ പരിധിയുള്ളവർ. വട്ടിപ്പലിശക്കാരിൽനിന്നു വാങ്ങിയ കടം മുൻകൂർ തിരിച്ചടയ്ക്കാനായിരിക്കണം ഈ വായ്പ ഉപയോഗിക്കുത് |
| 7. | സ്ത്രീകൾ |
| 8. | അംഗപരിമിതികൽ ഉള്ളവർ |
| 9. | പ്രധാൻമന്ത്രി ജൻധൻ യോജന (PMJDY) ഓവർ ഡ്രാഫ്റ്റുകൾ 5000 രൂപവരെ വായ്പാക്കാരന്റെ കുടുംബ വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 1,00,000 രൂപയും, അല്ലാത്തയിടങ്ങളിൽ 1,60,000 രൂപയും കവിയാൻ പാടില്ല. |
| 10. | ഗവമെന്റ് ഓഫ് ഇന്ത്യാ കാലാകാലങ്ങളിൽ ന്യൂനപക്ഷ സമുദായങ്ങളെന്നു വിജ്ഞാപനം ചെയ്യപ്പെടുന്നവർ |
| | **കുറിപ്പ്:** വിജ്ഞാപനം ചെയ്യപ്പെട്ട ന്യൂനപക്ഷസമുദായങ്ങളിൽ ഒരെണ്ണം സംസ്ഥാനത്ത് ഭൂരിപക്ഷമാണെങ്കിൽ, മുകളിലെ ഇനം (10) മറ്റു വിഞ്ജാപിത ന്യൂനപക്ഷ സമുദായങ്ങളായിരിക്കും. ഇത്തരം സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ ജമ്മുകാശ്മീർ, പഞ്ചാബ്, മേഘാലയാ, മിസോറാം, നാഗാലാന്റ്, ലക്ഷ ദ്വീപ്. |

### V. മുൻഗണനാമേഖലാ വായ്പാ സർട്ടിഫിക്കറ്റുകൾ

ബാങ്കുകൾ വാങ്ങിയ ബാക്കി നിൽക്കുന്ന (Outstanding) മുൻഗണനാ മേഖലാ വായ്പകളുടെ സർട്ടിഫിക്കറ്റുകൾ, താഴെപ്പറയും പ്രകാരമുള്ളവയാണെങ്കിൽ, മുൻഗണനാ മേഖലയുടെ യഥാക്രമമുള്ള മേഖലയിൽ വർഗ്ഗീകരിക്കാം.

1. റിസർവ് ബാങ്കിന്റെ 2016 ഏപ്രിൽ 7ലെ FIDD.CO. Plan BC 23/04-09-01 2015-16 എന്ന സർക്കുലറിലെ മുൻഗണനാവായ്പാ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിറവേറ്റിയതായിരിക്കണം.
2. ബന്ധപ്പെട്ട ആസ്തികൾ ബാങ്കുകളിൽ ജന്യമായതും മുൻഗണനാ വായ്പകളായി വർഗ്ഗീകരിക്കപ്പെടാൻ യോഗ്യതയുള്ളവയുമായിരിക്കണം.

### VI. മുൻഗണനാ വായ്പാ ലക്ഷ്യങ്ങളുടെ നിരീക്ഷണം

മുൻഗണനാ മേഖലകൾക്ക് തുടർച്ചയായി വായ്പകൾ നൽകപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ, ഈ മേഖലയിലെ യു.സി.ബി.കളുടെ നേട്ടങ്ങൾ നിരന്തരമായി, ഇപ്പോൾ നടപ്പിലുള്ള വർഷാവർഷമെന്ന കാലാവധിക്കു പകരം, ൈത്രമാസികാടിസ്ഥാനത്തിൽ വിലയിരുത്തപ്പെടും. മുൻഗണനാ മേഖലയിലെ വായ്പകളുടെ വിവരങ്ങൾ പുതുക്കിയ മാതൃകയിലുള്ള സ്റ്റേറ്റുമെന്റ് I, സ്റ്റേറ്റുമെന്റ് II (പാർട്ട് എ മുതൽ ഇ വരെ) ൈത്രമാസികാടിസ്ഥാനത്തിലും, വാർഷികാടിസ്ഥാനത്തിലും, റിസർവ് ബാങ്കിന്റെ അതാത് മേഖലാ ഓഫീസുകളിലേക്ക് അയക്കേണ്ടതാണ്. ഈ റിപ്പോർട്ടുകൾ അതാതുകാലയളവുകഴിഞ്ഞു 15 ദിവസങ്ങൾക്കുള്ളിൽ മേഖലാഓഫീസുകളിൽ എത്തിക്കണം.

### VII. മുൻഗണനാ മേഖലാവായ്പകൾക്കുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ

എല്ലാ വിഭാഗത്തിലുംപെട്ട മുൻഗണനാമേഖലയിലുള്ള വായ്പകൾക്ക് ബാങ്കുകൾ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണം.

#### 1. സർവ്വീസ് ചാർജ്ജുകൾ

വായ്പാ സംബന്ധമായതോ, താല്ക്കാലികമായതോ, ആയ സർവ്വീസ് ചാർജ്ജുകൾ, ഇൻസ്പെക്ഷൻ ചാർജ്ജുകൾ എന്നിവ 25,000 വരെയുള്ള വായ്പകൾക്ക് ചുമത്താൻ പാടില്ല. എസ്.എം.എസ്. കൾ, ജെ.എൽ.ജി. കൾ എന്നിവയ്ക്കു നൽകിയവയിൽ മുൻഗണനാ വിഭാഗത്തിൽപെടുത്താൻ യോഗ്യതയുള്ളവയ്ക്ക്, മേൽപ്പറഞ്ഞ പരിധിയെ ഗ്രൂപ്പിനുമൊത്തം അല്ലാതെ, ഓരോ അംഗത്തിനും എന്ന രീതിയിലായിരിക്കും ബാധകമാവുക.

#### 2. അപേക്ഷാ സ്വീകരണം, അനുവാദം, നിഷേധം, വിതരണം, എന്നിവയെപ്പറ്റിയുള്ള രജിസ്റ്റർ

അപേക്ഷ ലഭിച്ചത്, അനുവദിച്ചത്, അല്ലെങ്കിൽ നിഷേധിച്ചത്, വിതരണം ചെയ്തത് എന്നിവ കാര്യകാരണസഹിതം രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ അല്ലെങ്കിൽ ഇലക്ട്രോണിക് രേഖ സൂക്ഷിക്കണം. എല്ലാ പരിശോധനാ ഏജൻസികൾക്കും ഈ രജിസ്റ്റർ അല്ലെങ്കിൽ ഇലക്ട്രോണിക് രേഖ ലഭ്യമാക്കണം.

**വായ്പാ അപേക്ഷകൾ ലഭിച്ചതായി നൽകുന്ന രേഖ**

മുൻഗണനാ വായ്പകൾക്കുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ യു.സി.ബി. കൾ അവ കിട്ടിയ വിവരം അറിയിക്കണം. അപേക്ഷകന് തീരുമാനം സംബന്ധിച്ച് രേഖാമൂലമുള്ള മറുപടി നൽകാനുള്ള കാലാവധി, ബാങ്കു ബോർഡുകൾ നിജപ്പെടുത്തണം.

അനുബന്ധം II

## മുൻഗണനാ വിഭാഗം ലക്ഷ്യം നേടൽ കുറവ്/കൂടുതൽ കണക്കാക്കൽ

| പട്ടിക 1 | | | |
|---|---|---|---|
| ത്രൈമാസികം | പി.എസി.എൽ. ലക്ഷ്യങ്ങൾ | മുൻഗണന വിഭാഗം നീക്കിയിരുപ്പ് തുക | തുക കുറവ്/കൂടുതൽ |
| ജൂൺ | 3,29,61,56,032 | 3,16,93,80,800 | 12,67,75,232 |
| സെപ്റ്റംബർ | 3,08,82,65,369 | 3,11,94,59,969 | 3,11,94,600 |
| ഡിസംബർ | 3,17,69,48,703 | 3,19,29,13,269 | 1,59,64,566 |
| മാർച്ച് | 3,24,56,09,908 | 3,21,34,75,156 | 3,21,34,752 |
| ആകെ | 12,80,69,80,012 | 12,69,52,29,194 | 11,17,50,818 |
| ശരാശരി | 3,20,17,45,003 | 3,17,38,07,299 | 2,79,37,704 |

| പട്ടിക 2 | | | |
|---|---|---|---|
| ത്രൈമാസികം | പി.എസി.എൽ. ലക്ഷ്യങ്ങൾ | മുൻഗണന വിഭാഗം നീക്കിയിരുപ്പ് തുക | തുക കുറവ്/കൂടുതൽ |
| ജൂൺ | 3,29,61,56,032 | 3,27,96,75,252 | 164,80,780 |
| സെപ്റ്റംബർ | 3,08,82,65,369 | 3,12,37,80,421 | 3,55,15,052 |
| ഡിസംബർ | 3,17,69,48,703 | 3,27,22,57,164 | 9,53,08,461 |
| മാർച്ച് | 3,24,56,09,908 | 3,21,31,53,809 | 3,24,56,099 |
| ആകെ | 12,80,69,80,012 | 12,88,88,66,646 | 8,18,86,634 |
| ശരാശരി | 3,20,17,45,003 | 3,22,22,16,661 | 2,04,71,658 |

പട്ടിക 1ൽ കൊടുത്തിട്ടുള്ള ഉദാഹരണത്തിൽ ബാങ്കിനുള്ള ശരാശരി കുറവ് സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ രൂ. 2,79,37,704 ആയിരം. പട്ടിക 2ൽ ബാങ്കിംഗ് സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ശരാശരി രൂ. 2,04,71,658 ആയിരം അധികം.

ഇതേ രീതിയിൽതന്നെ ്രെതമാസിക നിരക്കിലും വാർഷിക നിരക്കിലും മുൻഗണനാ മേഖല ഉപലക്ഷ്യങ്ങൾ കണക്കാക്കാൻ സ്വീകരിക്കേണ്ടതാണ്.

കുറിപ്പ് : മുൻഗണനാ വിഭാഗത്തിലെ ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും എ.എൻ.ബി.സി.യുടെ അടിസ്ഥാനത്തിലോ ഓഫ് ബാലൻസ് ഷീറ്റ് എക്സ് പോഷാറുകളുടെ വായ്പാ തുല്യത ഇതിൽ ഏതാണോ കൂടുതൽ (മുൻ കൊല്ലത്തെ യഥാക്രമമുള്ള തീയതിയിലെ) അതായിരിക്കും.